(ഡി) 24-5-2004-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1421/04/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം പി.ജി. കോഴ്സിനായുള്ള പ്രോസ്പെക്ടസ് സർക്കാർ അംഗീകരിക്കുകയും 10-6-2004-ലെ ജി.ഒ. (ആർ.ടി.) നമ്പർ 1577/04/ ആ.കു.വ. ഉത്തരവു പ്രകാരം സർക്കാർ മോഡിഫിക്കേഷൻ ഓർഡർ വഴി പ്രോസ്പെക്ടസ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷത്തെ എം.ഡി. ഹോമിയോ കോഴ്സിലേക്കുള്ള പ്രവേശന പരീക്ഷ ഉടൻ തന്നെ നടത്തുമെന്ന് പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രിൻസിപ്പാൾ ആന്റ് കൺട്രോളിംഗ് ആഫീസറെ അറിയിച്ചിട്ടുണ്ട്.

ആയുർവേദ ചികിത്സക്ക് റീഇംബേഴ്സ്മെന്റ്

158 [161] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ചികിത്സയ്ക്ക് റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നത് 1968-70 കാലഘട്ടത്തിലെ നിരക്കുകളുടെ അടിസ്ഥാനത്തിലാണോ;

(ബി) എങ്കിൽ പ്രസ്തുത ചികിത്സാ രംഗത്തുണ്ടായിട്ടുള്ള വർദ്ധിച്ച ചെലവ് പരിഗണിച്ച് നിർക്കുകളിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആയുർവേദ ഔഷധങ്ങളുടെ റീ ഇംബേഴ്സ്മെന്റ് 7-8-1981-ലെ ജി.ഒ. (എം.സ്.) ഉത്തരവ് നം: 238/81/എച്ച്.ഡി. പ്രകാരം കാലാകാലങ്ങളിൽ തൃശ്ശൂർ കേരളാ സ്റ്റേറ്റ് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ പ്രസിദ്ധീകരിക്കുന്ന വിലവിവര പട്ടികയുടെ അടിസ്ഥാനത്തിലാണ് നൽകുന്നത്. മറ്റു ക്രിയാക്രമങ്ങളുടെ സർവീസ് ചാർജ്ജുകളുടെ റീഇംബേഴ്സ്മെന്റ് 8-2-1994-ലെ ജി.ഒ. (പി) 27/94/എച്ച്. ആന്റ് എഫ്.ഡബ്ലിയു.ഡി. എന്ന ഉത്തരവു പ്രകാരമാണ് അനുവദിക്കുന്നത്.

(ബി) 1-4-2004 മുതൽ കേരള സ്റ്റേറ്റ് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷന്റെ ഔഷധങ്ങളുടെ വില പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഭൂമിക്ക് തറവില നിശ്ചയിച്ച് പുറപ്പെടുവിച്ച വിജ്ഞാപനം

159 [162] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമിക്ക് തറവില നിശ്ചയിച്ച് പുറപ്പെടുവിച്ച വിജ്ഞാപനം നിലവിലുണ്ടോ;

(ബി) ഈ വിജ്ഞാപനം നടപ്പിലാക്കുന്നത് നിറുത്തിവച്ചിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വിശദീകരിക്കുമോ;

(സി) ഈ വിജ്ഞാപനം നടപ്പിലാക്കുമ്പോൾ ഇത് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly